# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.08.2025**

### പ്രധാനവാർത്തകൾ

1. പ്രാദേശികതയ്ക്കും സ്വയം പര്യാപ്തതയ്ക്കും ഊന്നൽ നൽകി വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. ചൈനയിൽ നടക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. വയനാട്ടിലേക്ക് ബദൽ പാത ഒരുങ്ങുന്നു; ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമാണ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.
4. വിദ്യാഭ്യാസ നിലവാരത്തിൽ സംസ്ഥാനം രാജ്യത്തിന് മാതൃകയെന്ന് മന്ത്രി വി. ശിവൻകുട്ടി ; കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ യുഡയസ് പ്ലസ് റിപ്പോർട്ടിൽ തിളങ്ങി കേരളം.
5. ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെന്റിൽ ജപ്പാനെ പരാജയപ്പെടുത്തി ഇന്ത്യ.

&&&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്- സ്വദേശി

പ്രാദേശികതയെ പ്രോത്സാഹിപ്പിക്കുക, സ്വയം പര്യാപ്തത, വികസിത ഇന്ത്യ എന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് രാജ്യം മുന്നോട്ട് പോകേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്സവകാലത്ത് സ്വദേശി ഉല്പന്നങ്ങൾക്ക് മുൻഗണന നൽകണമെന്നും പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 125-ാം പതിപ്പിൽ പ്രധാനമന്ത്രി പറഞ്ഞു. സമ്മാനങ്ങളും, വസ്ത്രങ്ങളും അലങ്കാരങ്ങളും ഇന്ത്യയിൽ നിർമ്മിച്ച വസ്തുക്കളിൽ നിന്നുള്ളതായിരിക്കണമെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു.

(ഹോൾഡ് -വോയ്സ്)

************************

## മൻ കി ബാത്-സ്പോർട്സ്

ഏക ഭാരതം-ശ്രേഷ്ഠ ഭാരതമെന്ന തത്വം, ഐക്യം എന്നിവ രാജ്യത്തിന്റെ വികസനത്തിന് വളരെ പ്രധാനമാണെന്നും അതിൽ കായികം വലിയ പങ്കുവഹിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. ശ്രീനഗറിലെ ദാൽ തടാകത്തിൽ നടന്ന ആദ്യത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിനെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു.

RNUTVPM

************************

## മൻ കി ബാത്-പ്രതിഭാ സേതു

യുപിഎസ്സി പരീക്ഷകളിൽ വിവിധ ഘട്ടങ്ങൾ വിജയിക്കുകയും, എന്നാൽ അന്തിമ പട്ടികയിൽ ഇടം നേടാതിരിക്കുകയും ചെയ്ത, ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ സൂക്ഷിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം 'പ്രതിഭ സേതു'വിനെ കുറിച്ച് പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ഈ പോർട്ടലിലൂടെ നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു കഴിഞ്ഞതായും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

രാമായണത്തോടും ഇന്ത്യൻ സംസ്കാരത്തോടുമുള്ള താല്പര്യം ഇന്ന് ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വളരുകയാണെന്ന് ശ്രീ മോദി പറഞ്ഞു. റഷ്യയിലെ വ്ളാഡിവോസ്റ്റോക്കിൽ രാമായണത്തെ ആസ്പദമാക്കി കുട്ടികളുടെ ചിത്ര പ്രദർശനം നടന്നത് അദ്ദേഹം മൻ കി ബാത്തിൽ പ്രതിപാദിച്ചു.
************************

## രാമായണം-എഴുമാറ്റൂർ (ഇൻട്രോ)

സമകാലിക ആഗോള സാഹചര്യത്തിൽ രാമായണത്തിന്റെ പ്രസക്തി വലുതാണെന്ന് വിഖ്യാത സാഹിത്യകാരനും ഭാഷാ പണ്ഡിതനുമായ എഴുമറ്റൂർ രാജ രാജ വർമ്മ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

************************

RNUTVPM

## പ്രധാനമന്ത്രി - ഷാങ്ഹായ്

25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ടിയാൻജിനിൽ നേരത്തെ പ്രസിഡന്റ് ഷി ജിൻപിങ്ങുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തി. പരസ്പര വിശ്വാസം, ബഹുമാനം, എന്നിവയുടെ അടിസ്ഥാനത്തിൽ ചൈനയുമായുള്ള ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ വിവിധ രാഷ്ട്ര നേതാക്കളുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി.

************************

## മുഖ്യമന്ത്രി - തുരങ്കപാത (ഇൻട്രോ)

വയനാട് തുരങ്കപാത, പ്രതിസന്ധികളെ മറികടന്നുള്ള പദ്ധതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാതയുടെ നിർമാണ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു

അദ്ദേഹം. പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ മലപ്പുറത്ത് നിന്നും കോഴിക്കോട് നിന്നും കർണാടകയിലേക്കുള്ള യാത്രാ ദൂരം കുറയുമെന്നും താമരശ്ശേരി ചുരം വഴിയുള്ള യാത്രാ വെല്ലുവിളികൾ അവസാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

8.73 കിലോമീറ്റർ നീളത്തിലാണ് നാലുവരി തുരങ്കപാത നിർമിക്കുന്നത്. 2,134 കോടി രൂപ ചെലവിൽ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനാണ് നിർവഹണ ചുമതല.

************************

## അമീബിക്

അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ കാര്യത്തിൽ ജാഗ്രതയോടെ നിലകൊള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് പറഞ്ഞു. ഇന്നലെയും ഇന്നുമായി സംസ്ഥാനത്തെ എല്ലാ കിണറുകളും ക്ലോറിനേറ്റ് ചെയ്യുകയാണ്. വീട്ടിലെ കിണറുകളും വാട്ടർ ടാങ്കുകളുൾപ്പെടെ ക്ലോറിനേറ്റ് ചെയ്യുന്നതിൽ എല്ലാവരും മുൻകൈയ്യെടുക്കണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.

************************

## വി. ശിവൻകുട്ടി-യുഡയസ് പ്ലസ്

വിദ്യാഭ്യാസ മേഖലയുടെ വിവിധ സൂചികകളിൽ കേരളം മറ്റ് സംസ്ഥാനങ്ങളെക്കാളും, ദേശീയ ശരാശരിയേക്കാളും മികച്ച പ്രകടനം കാഴ്ചവെച്ചതായി, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ യുഡയസ് പ്ലസ് റിപ്പോർട്ട് വെളിപ്പെടുത്തുന്നുവെന്ന് മന്ത്രി വി ശിവൻ കുട്ടി. അക്കാദമിക് നിലവാരം, വിദ്യാർത്ഥികളുടെ പഠന തുടർച്ച, അടിസ്ഥാന സൗകര്യങ്ങൾ, ലിംഗസമത്വം എന്നിവയിൽ കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ. ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ

RJUTVPM

പറഞ്ഞു.
************************

## കണ്ണൂർ - സ്മാരക മ്യൂസിയം (ഇൻട്രോ)

കണ്ണൂർ ചെമ്പൊത്തൊട്ടിയിൽ ബിഷപ്പ് വള്ളോപ്പള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്തു. മലബാറിന്റെ കുടിയേറ്റ ചരിത്രത്തിന്റെ നേർക്കാഴ്ചകളൊരുക്കിയാണ് മ്യൂസിയം പൂർത്തിയാവുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയിസ്)**

************************

## ഏഷ്യാ കപ്പ് - ഹോക്കി

ബീഹാറിലെ രാജ് ഗിറിൽ നടന്ന ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ജപ്പാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി. മൻദീപ് സിംഗ് ഒന്നും ഹർമൻപ്രീത് സിംഗ് രണ്ടും ഗോളുകൾ നേടിയിട്ടുണ്ട്. ഈ ചാമ്പ്യൻഷിപ്പിലെ ജേതാക്കൾ 2026 ലെ പുരുഷ ഹോക്കി ലോകകപ്പിൽ സ്ഥാനം ഉറപ്പിക്കും.

RNU TVPM

************************

## കെ സി എൽ

കേരളാ ക്രിക്കറ്റ് ലീഗിൽ ഇന്ന് നടന്ന ആദ്യമത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസിനെതിരെ ഏരീസ് കൊല്ലം സെയിലേർസിനു 7 വിക്കറ്റ് വിജയം. അല്പസമയത്തിനം നടക്കുന്ന രണ്ടാം മത്സരത്തിൽ ആലപ്പി റിപ്പിൽസ് കൊച്ചി ബ്ലൂ ടൈഗേർസിനെ നേരിടും.

************************

## കെ സ്റ്റോർ- പാസ്സ്പോർട്ട്

'കെ സ്റ്റോർ' ആക്കുന്ന റേഷൻ കടകളിൽ ഇനി മുതൽ പാസ്പോർട്ടിന്റെ അപേക്ഷയും, അക്ഷയ സെന്ററുകൾ വഴിയുള്ള സേവനങ്ങളും ലഭിക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

തിരുവനന്തപുരം മഞ്ചാടിമൂട് കെ സ്റ്റോർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമ പ്രദേശങ്ങളിലുള്ള സാധാരണക്കാർക്ക് അവശ്യ സേവനങ്ങൾക്ക് വേണ്ടിയുള്ള ദീർഘ ദൂര യാത്രകൾ ഒഴിവാക്കാൻ ഇതുവഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു.
************************

**റേഷൻ കട**

സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് സംസ്ഥാനത്തെ റേഷൻകടകൾക്ക് നാളെ അവധിയായിരിക്കും. ചൊവ്വാഴ്ച മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. ഓഗസ്റ്റ് മാസത്തെ റേഷന്റെയും സ്പെഷ്യൽ അരിയുടെയും വിതരണത്തിനായി ഇന്ന് റേഷൻ കടകൾ പ്രവർത്തിച്ചു.

*

**************

*********************************

RNU TVPM